# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4866 — 27.10.2016 -ലെ മറുപടിയ്ക്ക്

### പ്രീ -ഡിഗ്രി നിർത്തലാക്കിയത്

**ചോദ്യം**

ശ്രീ.ഒ. രാജഗോപാൽ :

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജുകളിൽ നിന്നും പ്രീ-ഡിഗ്രി കോഴ്സുകൾ വേർപെടുത്തിയത് എന്നായിരുന്നു; | (എ) | 1997 ലാണ് കോളേജുകളിൽ നിന്നും പ്രീ-ഡിഗ്രി കോഴ്സുകൾ വേർപെടുത്തിയത് |
| (ബി) | 03.07.1997-ലെ 11899/ബി1/97/ഉ.വി.വ നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത നമ്പരിൽ ഒരു സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടില്ല എന്നാൽ പ്രീ-ഡിഗ്രി കോഴ്സുകൾ വേർപെടുത്തിയത് സംബന്ധിച്ച് എംപവേർഡ് കമ്മറ്റി പുറത്തിറക്കിയിട്ടുള്ള ഇതേ നമ്പരായുള്ള നടപടിക്രമത്തിന്റെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | 1998-99, 1999-2000, 2000-2001 കാലഘട്ടങ്ങളിൽ ഡിഗ്രി കോഴ്സിന് അംഗീകാരം നൽകിയ മാനേജ്മെന്റ് കോളേജുകളുടെ പട്ടിക ലഭ്യമാക്കുമോ; | (സി) | പട്ടിക ഇതോടൊപ്പം നൽകുന്നു (അനുബന്ധം ) |
| (ഡി) | 20.08.2010 ന മുൻപ് പ്രസ്തുത കോഴ്സുകൾ സുഗമമായി നടത്തുന്നതിന് എത്ര ലക്ചറർമാരെ നിയമിച്ചിരുന്നു; അവരിൽ എത്ര പേരുടെ സേവനമാണ് റഗുലറൈസ് ചെയ്തത്; വിശദമാക്കുമോ; | (ഡി) | ലക്ചററർമാറുടെ കൃത്യമായ വിവരം ക്രോഡീകരിക്കപ്പെട്ടിട്ടില്ല. അത്തരം അദ്ധ്യാപകരിൽ ചിലർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നൽകിയ കോടതിവിധി നടപ്പാക്കുന്നതിന്റെ ഭാഗമായി 11.09.2015 ൽ G.O. (MS) No.580/15/H.Edn. നമ്പറിൽ 20.08.2010 ന് മുമ്പ് നിയമനം ലഭിച്ചവർക്ക് ശമ്പളം അനുവദിക്കുകയും പ്രസ്തുത ശമ്പളം പി.എഫ്. അക്കൗണ്ടിൽ ലയിപ്പിക്കാനും അതിനെ 5 വർഷത്തെ |

| | | | |
|---|---|---|---|
| | | | കാലാവധി കഴിഞ്ഞു മാത്രമേ പിൻവലിയ്ക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ഇ) | മന്നാനിയ കോളേജിൽ സൈക്കോളജി ലക്ചററായി നിയമനം ലഭിച്ച വ്യക്തിയുടെ 2 വർഷത്തെ സർവ്വീസ് റഗുലറൈസ് ചെയ്യിട്ടില്ല എന്നും നാളിതുവരെ ടിയാന് വേതനം നൽകിയിട്ടില്ല എന്നുമുള്ള വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? | (ഇ) | ശ്രീമതി പ്രതിഭ .എസ്. നായർ എന്ന അദ്ധ്യാപികയുടെ ശമ്പളം അനുവദിക്കുന്ന വിഷയം നിലനിൽക്കുകയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്